## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1064 20.03.2012- ൽ മറുപടിക്ക്**

### വെള്ളപ്പൊക്കനിവാരണ ഫണ്ട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.എസ് സുനിൽകുമാർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂ വകുപ്പു മന്ത്രി |
| (എ) | വെള്ളപ്പൊക്കനിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിനായി സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ ഉപയോഗിക്കാതെ ലാപ്സായി പോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി)- ഇവയിൽ നിന്നും സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ ഒരു സാമ്പത്തിക വർഷം ഉപയോഗിക്കാൻ കഴിഞ്ഞില്ലെങ്കിലും അധികം വന്ന തുക കൂടി അടുത്ത വർഷത്തെ നിധിയിൽ ഉൾപ്പെടുത്തും. ആയതിനാൽ ഫണ്ട് ലാപ്സ് ആയി പോകുന്ന പ്രശ്നം ഉദിക്കുന്നില്ല. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമന്ത്രി ഒപ്പിട്ട് നൽകുന്ന ഉത്തരവുകൾ കളക്ടറേറ്റുകളിൽ എത്തുന്നതിന് നാലുമാസം വരെ കാലതാമസം നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | അത്തരം പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഉത്തരവിറക്കി ഒരു വർഷത്തിനകം എഗ്രിമെന്റ് വയ്ക്കാത്ത പ്രവൃത്തികൾ ക്യാൻസൽ ചെയ്താൽ അത്തരം പ്രവൃത്തികൾ എം.എൽ.എ. നിർദ്ദേശിക്കുമ്പോൾ പുതുക്കി നിശ്ചയിച്ച് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? | (സി) | അത്തരം കേസുകളിൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ അപേക്ഷ പരിഗണിച്ചും പ്രത്യേക കേസായി പരിഗണിച്ചും തീയതി നീട്ടി നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ